SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–08/10/2023.

1. നാഷണൽ അക്കാദമി ഒഫ് അഗ്രിക്കൾച്ചറൽ സയൻസസ് (NAAS) സംഘടിപ്പിക്കുന്ന പതിനാറാമത് കാർഷിക സയൻസ് കോൺഗ്രസ് 2023 ഒക്ടോബർ 10 മുതൽ 13 വരെ കൊച്ചിയിലെ ലെ മെറിഡിയൻ ഹോട്ടലിൽ നടക്കുന്നു. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR) കൊച്ചി ആണ് ആതിഥേയർ. **"സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ കാർഷിക-ഭക്ഷ്യ സംവിധാനങ്ങളിലുണ്ടാകേണ്ട മാറ്റങ്ങൾ"** എന്നതാണ് കോൺഗ്രസിന്റെ പ്രമേയം. വർദ്ധിച്ചുവരുന്ന ഭക്ഷണാവശ്യം, തകർച്ച നേരിടുന്ന പാരിസ്ഥിതിക സാഹചര്യങ്ങൾ, കാലാവസ്ഥാവ്യതിയാനമുയർത്തുന്ന വെല്ലുവിളികൾ എന്നിവ ഗൗരവപൂർവ്വം ചർച്ച ചെയ്യുകയും നമ്മുടെ കാർഷിക-ഭക്ഷ്യ സമ്പ്രദായങ്ങളുടെ പ്രയോജനങ്ങൾ വരുംതലമുറകൾക്കും നീതിപൂർവ്വം ലഭിക്കുവാൻ അവയെ സുസ്ഥിര സംരംഭങ്ങളാക്കി മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ വിഷയത്തിൽ തങ്ങളുടെ ഗവേഷണ കണ്ടെത്തലുകളും ആശയങ്ങളും അനുഭവങ്ങളും കൈമാറാനും പങ്കിടാനുമായി പ്രമുഖ അക്കാദമിക് വിദഗ്ധർ, ഗവേഷകർ, വിദ്യാർത്ഥികൾ, കർഷകർ, സംരംഭകർ തുടങ്ങിയവരെ കാർഷിക കോൺഗ്രസ് ഒരുമിച്ചുകൂട്ടുന്നു. ശാസ്ത്രജ്ഞന്മാരുടെ പ്രഭാഷണങ്ങൾ, സാങ്കേതിക ശില്പശാലകൾ, ചർച്ചകൾ, പോസ്റ്റർ അവതരണങ്ങൾ, കർഷകരും വ്യവസായലോകവുമായുള്ള സംവാദങ്ങൾ, വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക വിഭാഗം തുടങ്ങി നിരവധി പരിപാടികൾ ഇതിന് അനുബന്ധമായി നടക്കും.

2. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക. പാർസൽ ആയും എത്തിച്ചു തരുന്നതാണ്.

3. തിരുവനന്തപുരം പാളയത്തെ സിറ്റി കോർപ്പറേഷൻ കൃഷി ഭവനിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷി ഭവനുമായി **6282904245** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ റബ്ബർ ടാപ്പിംഗ് മെഷീൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് പ്രദർശനവും, പ്രായോഗിക പരിശീലനവും വിവിധയിടങ്ങളിലായി

സംഘടിപ്പിക്കുന്നു. കൊല്ലം ജില്ലയിലെ ആദ്യ പരിശീലനം പുനലൂർ കേരള അഗ്രോ ഫൂട്ട് പ്രോഡക്ട്സ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന അഗ്രോ ഐ.ടി.ഐ യിൽ 2023 ഒക്ടോബർ 17-ാം തീയതി രാവിലെ സംഘടിപ്പിക്കുന്നതാണ്. കർഷകർക്കും, ടാപ്പിംഗ് തൊഴിലാളികൾക്കും ഇതിൽ സൗജന്യമായി പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 7558880463 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണമെന്ന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

5. ക്ഷീരവികസന വകുപ്പിന്റെ അതീവ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ ഒരു പശു യൂണിറ്റിന് അപേക്ഷിക്കാം. ജീവിതമാർഗ്ഗം എന്ന നിലയിൽ ഒരു പശുവിനെ വളർത്താൻ ഉദ്ദേശിക്കുന്ന ദരിദ്ര വിഭാഗത്തിലുള്ള സംസ്ഥാനസർക്കാരിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ഇത്തരത്തിലുള്ള ഒരു യൂണിറ്റിന് 95400/- രൂപ സർക്കാർ സബ്സിഡിയായി അനുവദിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടുക.

6. തിരുവനന്തപുരം കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴിവളം കിലോയ്ക്ക് 3 രൂപ നിരക്കിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 3:00 മണി വരെ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണെന്ന് കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

**പരിശീലന പരിപാടി**

7. ക്ഷീരവികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ മാസം 10 11 (ഒക്ടോബർ 10 11) തീയതികളിൽ തീറ്റപ്പുൽകൃഷി പരിശീലനം എന്ന വിഷയത്തിൽ ക്ലാസ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ല ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തരമോ അതാത് ബ്ലോക്ക് വികസന ഓഫീസർ മുഖാന്തിരമോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ എപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല രജിസ്ട്രേഷൻ ഫീസ് 20 രൂപ. താല്പര്യമുള്ള ക്ഷീരകർഷകർ ഒക്ടോബർ 9ന് വൈകിട്ട് 5 മണിക്ക് മുൻപായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ

പങ്കെടുക്കുന്നവർക്ക് ടി. എയും ഡി എയും ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം 2023 ഒക്ടോബർ 16, 17 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ **training@rubberboard.org.in** എന്ന ഇ മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം